1

# യേശു: നമ്മുടെ നിത്യ രക്ഷകൻ

യേശുക്രിസ്തു എന്നു കേൾക്കുമ്പോൾ, എന്റെ മനസ്സു ഇളകുകയും പരിഭ്രമിക്കുകയും ചെയ്യും. അവന്റെ അളവു ഭൂമിയേക്കാൾ നീളവും കടലിനേക്കാൾ വീതിയും, ആകാശത്തേക്കാൾ ഉയർച്ചയും പാതാളത്തേക്കാൾ ആഴവുമുള്ളതാണ് (ഇയ്യോബ് 11:8, 9). അവനെ തിരഞ്ഞു കണ്ടു പിടിക്കുവാനോ, എനിക്കു അവനെ അന്വേഷിച്ചു കണ്ടു പിടിക്കുവാനോ, അവന്റെ തികവിനെ ചെലവഴിക്കുവാനോ സാദ്ധ്യമല്ല (ഇയ്യോബ് 11:7 നോക്കുക).

എന്നിട്ടും, അഞ്ചു മേഖലകളിൽ, അളക്കാൻ കഴിയാത്ത ക്രിസ്തുവിനെ സുരക്ഷിതമായി വിവരിച്ചിരിക്കുന്നു: (1) നിത്യത മുതൽ സൃഷ്ടിവരെ, (2) സൃഷ്ടി മുതൽ ബേത്ത്ലഹേം വരെ, (3) ബേത്ത്ലഹേം മുതൽ ഉയിർത്തെഴുന്നേല്പു വരെ, (4) ഉയിർത്തെഴുന്നേല്പു മുതൽ ന്യായവിധിവരെ, (5) ന്യായവിധി മുതൽ നിത്യതവരെ.

### നിത്യത മുതൽ സൃഷ്ടി വരെ

യേശുക്രിസ്തു പർവ്വതങ്ങളും ഭൂമിയും അതിലെ നിവാസികളും ഉണ്ടാകുന്നതിനു മുൻപു, ലോകം ഉണ്ടാകുന്നതിനു മുൻപു, നിത്യത മുതൽ ജീവിക്കുകയും വായ്ത്തലയുള്ള വാളിനേക്കാൾ, മൂർച്ചയോടെ പ്രവർത്തിക്കയും ചെയ്യുന്നു (സങ്കീർത്തനങ്ങൾ 90:2; എബ്രായർ 4:12). അവന്റെ കണ്ണിനു മറവായതു ഒന്നുമില്ല; എല്ലാം അവന്റെ ദൃഷ്ടിയിൽ മലർന്നും തുറന്നും അത്രേ കിടക്കുന്നത് (എബ്രായർ 4:13). അവന്റെ ഉത്ഭവം പണ്ടേയുള്ളതും, പുരാതനവും തന്നെ (മീഖാ 5:2). തന്റെ ചുരുങ്ങിയ ഭൗമീക യാത്രയിൽ, തനിക്കുലോകം ഉണ്ടാകുന്നതിനു മുമ്പു, സമ്പന്നമായ അവസ്ഥയിൽ താൻ അനുഭവിച്ചിരുന്ന മഹത്വത്തെ അവൻ ഓർത്തു (യോഹന്നാൻ 17:5; 2 കൊരിന്ത്യർ 8:9). യേശുക്രിസ്തു സമയ പരിധിയില്ലാത്തവൻ: ഇന്നലെയും, ഇന്നും, എന്നേക്കും ഉള്ളവൻ (എബ്രായർ 13:8). അവൻ “നിത്യ പിതാവാണ്.”[1]

യേശുക്രിസ്തു കർത്താവാണ്.[2] ഇതു സത്യമാകകൊണ്ടു, അവൻ സൃഷ്ടിയായിതീർന്നതു ഒരു ചെറിയ തെറ്റല്ല. ഒരു അനന്യനായ പിതാവിൽ നിന്നു ജനിച്ചവനാണെന്ന ക്രിസ്തുവിന്റെ തത്വവാദ ആശയം, അല്ലെങ്കിൽ “ദൈവിക ഉറവിടത്തിൽ നിന്നുണ്ടായത്,” എന്ന ആശയം അവൻ

കർത്താവാണ് എന്നതുമായി യോജിക്കുന്നതല്ലെന്നു തോന്നിയേക്കാം. കൊലൊസ്യർ 1:15-ൽ അവൻ "സകല സൃഷ്ടികളുടേയും ആദ്യജാതൻ" ആണെന്നു പറഞ്ഞിരിക്കുന്നു, എന്നതു മറ്റെല്ലാ സൃഷ്ടികൾക്കും മുൻപു അവനെ സൃഷ്ടിച്ചു എന്നർത്ഥമാക്കരുത്. അങ്ങനെയാണെങ്കിൽ, അവൻ തന്നെ സൃഷ്ടിച്ചു എന്നു വരണം, കാരണം "അവനിൽ സർവ്വവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു" "എല്ലാറ്റിനും മുമ്പേ" അവൻ ഉണ്ടായിരുന്നു, ഉണ്ട് (കൊലൊസ്യർ 1:16, 17). അതുകൊണ്ട് "ആദ്യ ജാതൻ" എന്ന കൊലൊസ്യർ 1:15 ലെ വാക്ക് ആലങ്കാരിക അർത്ഥത്തിൽ മനസ്സിലാക്കണം, അതു നിലവാരത്തെ അഥവാ പദവിയെ സൂചിപ്പിക്കുന്നു,[3] അല്ലാതെ ആരംഭത്തെയല്ല. യേശു പ്രധാനിയും, പരമോന്നതനും, എല്ലാ സൃഷ്ടികൾക്കും ഉയർന്നവനും ആണ് (സങ്കീർത്തനങ്ങൾ 89:27) അല്ലെങ്കിൽ, യേശു ഒരു ക്രിസ്തുവായി, സൃഷ്ടിയായിത്തീരും യോഹന്നാന്റെ പ്രസ്താവന സത്യമല്ലാതാവുകയും ചെയ്യും: "സകലവും അവൻ മുഖാന്തരം ഉളവായി, ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല" (യോഹന്നാൻ 1:3).

തത്വജ്ഞാനികളുടെ കാൽപാദങ്ങൾ പിൻപറ്റുന്ന ഒരു മതവിഭാഗം പറയുന്നതു യേശു സൃഷിടിക്കപ്പെട്ട, താഴ്ന്ന ഒരു ചെറിയ ദൈവം ആണെന്നാണ്.[4] അവർ കൊലൊസ്യർ 1:18 ലെ "ആദിയിൽ" എന്നർത്ഥമാക്കി ക്രിസ്തുവിനു ഒരു ആരംഭം ഉണ്ട് എന്നു തെറ്റിദ്ധരിച്ചിരിക്കുന്നു. എങ്ങനെയായാലും, സന്ദർഭം പറയുന്നതു, ക്രിസ്തുവിനു ഒരു ആരംഭമുണ്ടായിരുന്നു, സകലതിന്റേയും കാരണഭൂതനും, അവൻ ആരംഭകർത്താവുമാണ് എന്നത്രേ, അവൻ എല്ലാറ്റിന്റേയും ഉറവിടമാണ്.[5]

ഈ മതസംഘടന വെളിപ്പാട് 3:14 ലെ "ആരംഭം" എന്ന വാക്കും തെറ്റിദ്ധരിച്ചിരിക്കയാണ്, യേശുവിന്റെ നിത്യമായ അവസ്ഥയെ അവർ നിഷേധിക്കുകയാണ്. ദൈവ സൃഷ്ടിയിൽ ആദ്യം സൃഷ്ടിച്ചവനാണ് യേശു എന്നു പറയുന്ന ഒരാൾ അവൻ ആരംഭം ആണെന്നു പറയുന്നതിനു പകരം, പിതാവായ ദൈവത്തിനു ഒരു ആരംഭമുണ്ട് എന്നു പറയണം, കാരണം, അതേ വാക്കാണ് വെളിപ്പാട് 21:6-ൽ.[6] കൂടാതെ, അങ്ങനെയെങ്കിൽ അവർക്കു രണ്ടുപേർക്കും ആ സന്ദർഭത്തിൽ അവസാനം[7] ഉണ്ടെന്നും പറയേണ്ടിവരും. ഒരാൾ പിതാവും, പുത്രനും, പരിശുദ്ധാത്മാവും നിത്യമായ അവസ്ഥയിൽ കണ്ടാൽ ബൈബിൾ സന്ദേശങ്ങൾ എല്ലാം ഒന്നിനൊന്നു യോജിക്കുന്നതായി കാണാം.[8]

യേശു ആദിയിൽ ദൈവത്തോടുകൂടെ മാത്രം ആയിരുന്നില്ല എങ്കിൽ, പിന്നെ അവൻ ദൈവം *ആയിരുന്നു*, അപ്പോൾ അവന്റെ നിത്യത ചോദ്യം ചെയ്യാനാവാത്തതാണ് (യോഹന്നാൻ 1:1). യേശുവിനു ഒരേ സമയം ദൈവത്തോടുകൂടെ ആയിരിപ്പാനും ദൈവം ആയിരിപ്പാനും എങ്ങനെ കഴിയും എന്നതു വിവരിക്കുവാൻ അസ്സാദ്ധ്യം. ഗണിത ശാസ്ത്രത്തിലല്ല, പിന്നയോ വിശ്വാസത്താൽ ഒരാൾ പറയുന്നു, ഒന്നു മൂന്നാണ്, മൂന്നു ഒന്നാണെന്നും (ആവർത്തന പുസ്തകം 6:4; എബ്രായർ 1:8; പ്രവൃത്തികൾ 5:3, 4). സ്വഭാവത്തിൽ മൂന്നുപേരും ദൈവമാണ്, എങ്കിലും ഓരോരുത്തർക്കും തന്റേതായ മനസ്സും ഉണ്ട് (റോമർ 8:27; ഫിലിപ്പിയർ 2:5). ബൈബിളിലെ ദൈവം യോജിച്ചിരിക്കുന്ന മൂന്നു വ്യക്തികളാണ് എന്നതു

തർക്കമറ്റ കാര്യമാണ്, പക്ഷെ മനുഷ്യർക്കു വിവരിക്കുവാനസ്സാദ്ധ്യം. അധികാരത്തിൽ യേശു പിതാവിന്റെ താഴെ ആണെങ്കിലും ("പിതാവു എന്നേക്കാൾ വലിയവൻ"; യോഹന്നാൻ 14:28), അവൻ സ്വഭാവത്തിലും വ്യക്തിയിലും താഴ്ന്നവൻ അല്ല ("ഞാനും പിതാവും ഒന്നത്രേ"; യോഹന്നാൻ 10:30). സന്തതിയിൽ അവൻ പിതാവിനോടു തുല്യനും അവനെ "ദൈവം" എന്നും "വീരനാം ദൈവം" എന്നും വിളിച്ചിരിക്കുന്നു (ഫിലിപ്പിയർ 2:6; യെശയ്യാവു 9:6).

പിതാവിന്നു താഴെയാണ് യേശു എന്ന കാരണത്താൽ, ചിലർ അവന്റെ നിത്യത മാത്രമല്ല, "അവൻ അവന്റെ [ദൈവത്തിന്റെ] തേജസിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയുമാണെന്നും" (എബ്രായർ 1:3) നിഷേധിക്കുകയാണ്. പിതാവിന്റെ സ്വഭാവം പോലെ (ഗ്രീക്ക്.: *ഹോമോ*) തന്നെയാണ് യേശുവിന്റെ വ്യക്തിത്വം (ഗ്രീക്ക്.: *ഔസിയോസ്*) എന്നു സ്വീകരിക്കുവാൻ നാലാം നൂറ്റാണ്ടിൽ ജീവിച്ച അരിയസ് ഓഫ് അലെക്സാണ്ട്രിയ തയ്യാറായില്ല. ക്രമേണ, അവൻ പറഞ്ഞതു യേശു നിത്യൻ ആയിരുന്നില്ല – അവൻ മനുഷ്യരേക്കാൾ ഉയർന്ന സൃഷ്ടി ആയിരുന്നു, എന്നാൽ ദൈവത്തേക്കാൾ അല്പം താഴ്ന്നവനും എന്നാണ്. അത്തനേഷ്യസ് അരിയസിനെ എതിർത്തു, എബ്രായർ 1:3ലെ "സത്ത" അല്ലെങ്കിൽ "വസ്തു" വിനു അവൻ ഊന്നൽ കൊടുത്തു (ഗ്രീക്ക്.: *ഹൂപ്പോസ്റ്റാബിസ്*), അവൻ പറഞ്ഞു യേശു ദൈവത്തെപോലെ അതേ വ്യക്തി തന്നെ (ഗ്രീക്ക്.: *ഹോമോസിയോസ്*) അല്ലാതെ അവനെ പോലെയുള്ളവനല്ല (ഗ്രീക്ക്.: *ഹോമോയിയസിയസ്*). ഒരക്ഷരം വിട്ടു കളയുകയോ അല്ലെങ്കിൽ ചേർക്കുകയോ ചെയ്തു, " ഐ"; എന്നാൽ ഉപദേശപരമായി സൃഷ്ടാവും, സൃഷ്ടികർത്താവും, മനുഷ്യരും ദൈവവും തമ്മിലുള്ള വ്യത്യാസം ആണ്.

"ദൈവപുത്രൻ" എന്ന പ്രയോഗം ശ്രദ്ധിച്ചു പഠിക്കണം, കാരണം ദൈവം ഒരു മകനെ ജനിപ്പിച്ചിരിക്കുന്നു, പിന്നെ, പുത്രൻ പിതാവിനേക്കാൾ ചെറിയവൻ, അതുകൊണ്ട് നിത്യനല്ല. ജനിക്കപ്പെട്ട ക്രിസ്തു എന്നേക്കുമുള്ള ക്രിസ്തു ആകാൻ സാധ്യമല്ല "എല്ലായുഗങ്ങൾക്കും മുമ്പെ" ഉണ്ടായിരുന്നു എന്നതു ഈ പ്രയാസം നീക്കുന്നില്ല, അല്ലെങ്കിൽ അവന്റെ "എന്നേക്കുമുള്ള തലമുറ," ആരംഭവും അവസാനവുമില്ലാതെ നിത്യമായി തുടരുന്ന പ്രക്രിയ. ഈ താത്വിക പ്രശ്നം ബൈബിൾ എഴുത്തുകാർക്കു പരിഹരിക്കേണ്ടിയിരുന്നില്ല, കാരണം യേശു സൃഷ്ടിത്വത്തിനു – മുമ്പു ഉണ്ടായിരുന്നത് ജനിക്കപ്പെട്ട അവസ്ഥയിലായിരുന്നു എന്നു അവർ പറയുന്നില്ല.[9]

അവൻ ബേത്ത്ലഹേമിൽ ജനിച്ചപ്പോഴാണ് ബൈബിൾ എഴുത്തുകാർ യേശു ജനിച്ചു എന്നു പറഞ്ഞത്. ഈ വസ്തുത നിമിത്തം, സ്പഷ്ടമായി, അവനെ "ദൈവപുത്രൻ" എന്നു വിളിച്ചിരിക്കുന്നു (ലൂക്കൊസ് 1:35). അതുപോലെ, ആലങ്കാരികമായി, യേശു മരിച്ചവരിൽ നിന്നുയർത്തെഴുന്നേറ്റു, സ്വർഗ്ഗത്തിൽ മഹത്വീകരിക്കപ്പെട്ടപ്പോൾ, മരിച്ചവരിൽ ആദ്യജാതൻ എന്നു പറഞ്ഞിരിക്കുന്നു (പ്രവൃത്തികൾ 13:30–35; എബ്രായർ 1:3–5; 5:5). ഭൗതികമായും, ആലങ്കാരികമായും, അപ്പോൾ, യേശുവിനെ "ദൈവപുത്രൻ" എന്നു വിളിച്ചിട്ടുണ്ട്; എന്നാൽ സൃഷ്ടിത്വ

ത്തിനു – മുമ്പു അവനെ ആ പേരിൽ അറിയപ്പെട്ടിരുന്നില്ല. സൃഷ്ടിത്വ ത്തിനു – മുമ്പു പിതാവു/പുത്രൻ ബന്ധം ഉണ്ടായിരുന്നു, എങ്കിൽ പുത്രനു പിതാവിനോളം പ്രായമുണ്ടായിരിക്കയില്ല. അതിലുപരി, സൃഷ്ടിക്കു – മുമ്പു ഒരു കുടുംബപരിതസ്ഥിതി ഉണ്ടായിരുന്നു എങ്കിൽ, അമ്മ എവിടെ എന്നു ഒരാൾ അതിശയിച്ചേക്കാം, പരിശുദ്ധാത്മാവിനു കുടുംബപരമായി എന്തു ബന്ധമാണ് ഉണ്ടായിരുന്നത്. സൃഷ്ടിത്വത്തിനു മുമ്പു യേശു "ദൈവപുത്രൻ" അല്ലെങ്കിൽ ഈ വിഷമകരമായ ചോദ്യങ്ങൾ നീങ്ങപ്പെ ടുന്നു.

യേശു ഇപ്പോൾ ദൈവപുത്രനാണ്, പാപികൾ ആ വസ്തുത ഹൃദയ പൂർവ്വം വിശ്വസിക്കണം (റോമർ 10:9, 10). എപ്പോഴാണ് അല്ലെങ്കിൽ എന്തർത്ഥത്തിലാണ് യേശുവിനെ ആ പേർ വിളിച്ചതു എന്ന്, പാപികൾ അറിയേണ്ട ആവശ്യമില്ല. എങ്ങനെയായാലും, ആ ദൈവികത്വത്തിലെ ബന്ധത്തിന്റെ അർത്ഥവും ആ പേരിന്റെ വിലയും ഓരോ പാപിയും മന സ്സിലാക്കി അഭിനന്ദിക്കണം. പിതാവിനു തന്റെ പ്രിയപുത്രനോടുള്ള സ്നേഹ ത്തിൽ എല്ലാവർക്കും സന്തോഷിക്കുവാൻ കഴിയും.

ദൈവത്തിൽ നിന്നും ദൈവപുത്രൻ ഒട്ടും കുറഞ്ഞവനല്ല എന്നതു പലർക്കു ഇടർച്ചയും തടങ്ങൽ പാറയും ആണ് (റോമർ 9:33). യെഹൂദ ന്മാരിൽ അധികം ഉദാരമതികളും "അവൻ ഒരു നല്ല മനുഷ്യൻ," എന്നു പറഞ്ഞ് അവന്റെ ദൈവികത്വത്തെ കുറച്ചു കളയും (യോഹന്നാൻ 7:12).

എന്നാൽ പലരും (ഉദാഹരണത്തിനു യെഹൂദന്മാർ, തത്വജ്ഞാനി കൾ, ആര്യന്മാർ, തുടങ്ങിയവർ) യേശുവിനെ ദൈവത്തിൽ നിന്നു കുറഞ്ഞവനായികാണുന്നു, ചിലർ എതിർ ദിശയിലേക്കു അങ്ങേയറ്റം പോകുന്നു, അവർക്ക് ദൈവവും പിതാവും, ദൈവവും പുത്രനും തമ്മിലുള്ള വ്യത്യാസം മനസ്സിലാകുന്നില്ല. മൂന്നാം നൂറ്റാണ്ടിലെ മൊണാർക്കിയർ എന്നറിയപ്പെട്ടവർ പുത്രൻ പിതാവായിരുന്നു എന്നു ഉറപ്പിച്ചു പറയുന്നു (യോഹന്നാൻ 10:30; 14:9 തെറ്റായി ഉപയോഗിക്കുന്നു). അവർ യേശുവിനെ "പ്രപഞ്ചത്തിന്റെ ദൈവവും പിതാവും" എന്നു വിളി ക്കുന്നു[10] "പാട്രിപാസിയൻസ്" എന്നറിയപ്പെട്ട ഒരു കൂട്ടം പിതാവു കഷ്ട പ്പെടുകയും ക്രൂശിൽ മരിക്കയും ചെയ്തു എന്നാണ് പറഞ്ഞത്. ദൈവം ഏകൻ മാത്രം എന്നു വിശ്വസിച്ചിരുന്ന മൂന്നാം നൂറ്റാണ്ടിലെ ഒരു കൂട്ട രിൽ നിന്നാണ് ഇതുവരെ ആ വിശ്വാസം വരാനിടയായത്. പല തിരുവെ ഴുത്തുകളും തെറ്റായി ഉപയോഗിച്ചതുകൊണ്ട്, പിതാവിനെയും പുത്ര നെയും വേർപിരിക്കുവാൻ സാധ്യമല്ല എന്നാണ് അവർ പറയുന്നത്.[11]

### സൃഷ്ടി മുതൽ ബേത്ത്ലഹേം വരെ

നാം "മനുഷ്യനെ ഉണ്ടാക്കുക" എന്ന പ്രസ്താവനയിൽ (ഉല്പത്തി 1:26) സൂചിപ്പിക്കുന്നത് ചുരുങ്ങിയതു സൃഷ്ടിത്വത്തിൽ ചുരുങ്ങിയതു ദൈവികമായ ഒരു സഹായം എങ്കിലും ഉണ്ടായിട്ടുണ്ട് എന്നത് പഴയ നിയമ വേദഭാഗഭങ്ങളിൽ വ്യക്തമാക്കിയതുപോലെ ഒരു സഹായി ആത്മാവായി രുന്നു (ഉല്പത്തി 1:2; 33:4; സങ്കീർത്തനങ്ങൾ 104:30; ഇയ്യോബ് 26:13 നോക്കുക; കെ.ജെ.വി). മറ്റൊരു സഹായി, അധികവും ഊന്നിപ്പറയുന്ന ത്, വചനമെന്നു തിരിച്ചറിയുന്ന യേശുക്രിസ്തു, ആയിരുന്നു.

ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടു കൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു, അവൻ ആദിയിൽ ദൈവ ത്തോടുകൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവാ യി, ഉളവായതൊന്നും അവനെക്കൂടാതെ ഉളവായതല്ല (യോഹന്നാൻ 1:1–3; എബ്രായർ 1:1–3 നോക്കുക).

ജഡത്തിൽ വന്നവൻ വചനം, *ലോഗോസ്* ആയിരുന്നു എന്ന യോഹ ന്നാന്റെ പ്രസ്താവന ആയിരക്കണക്കിനു മനസ്സുകൾക്കു ഗ്രഹിക്കുവാൻ കഴിയാതെ ഇടറിയില്ല. ഒരു വാക്യത്തിൽ അവൻ ദൈവമായി തിരിച്ചറി യുകയും മറ്റൊന്നിൽ ദൈവത്തിൽ നിന്നു വേർപെട്ടു കാണുന്നു. *ലോഗോസ്* (ഗ്രീക്ക് വാക്ക് ഇംഗ്ലീഷ് വാക്കായി മാറിയത്) കൂടാതെ ഒന്നും ഉളവായില്ല. ആ പ്രയോഗത്തിന്റെ അർത്ഥം എന്താണ്? ഒരു സർവ്വ നാമ മായി, അതു ആശയവിനിമയം നടത്തുവാനുള്ള ഒരു ഉച്ചാരണ ശബ്ദം എന്ന നിലയിൽ പ്രധാന്യമുള്ളതാകാം. കേൾക്കാവുന്ന ഒരു ശബ്ദമായി കരുതേണ്ട, എന്നാൽ ഒരു പക്ഷെ (പ്രവൃത്തികളെ സംബന്ധിച്ചു) താഴെ പറയുന്ന പ്രസ്താവനകളിൽ അന്തർലീനമായേക്കാം:

അവൻ അരുളിച്ചെയ്തു, അങ്ങനെ സംഭവിച്ചു; അവൻ കല്പിച്ചു, അങ്ങനെ സ്ഥാപിതമായി (സങ്കീർത്തനങ്ങൾ 33:9).

യഹോവയുടെ വചനത്താൽ ആകാശവും അവന്റെ വായിലെ ശ്വാസത്താൽ, അതിലെ സകല സൈന്യവും ഉളവായി (സങ്കീർത്ത നങ്ങൾ 33:6).[12]

അതുകൊണ്ടു, യോഹന്നാന്റെ അധികാരത്തിൽ, ദാവീദിന്റെ പ്രഖ്യാ പനത്തെ ഒരാൾ കൃത്യമായിതന്നെ സങ്കീർത്തനങ്ങൾ 33:6 വായിക്കണം:

യഹോവയുടെ വചനത്താൽ ആകാശവും അവന്റെ വായിലെ ശ്വാസത്താൽ, അതിലെ സകല സൈന്യവും ഉളവായി.

എങ്ങനെയായാലും, *ലോഗോസ്* – വചനം ഉപയോഗിച്ചിരിക്കുന്നത് വെറും ഉച്ചാരണ ശബ്ദം മാത്രമായിട്ടല്ല: അവൻ ദൈവം തന്നെ ആയിരുന്നു.

യേശുവിനെ *ലോഗോസ്* എന്നു വിളിച്ചിരിക്കുന്നതു ഒരു പക്ഷെ ഗ്രഹിക്കാവുന്നതുകൊണ്ടാകാം. വിചാരത്തെ ആശയരൂപത്തിൽ അയ ക്കുന്നതാണല്ലൊ വായ്കൊണ്ടുള്ള ഉച്ചാരണം, അതുകൊണ്ട് ലോഗോസ് എന്നതു ചിന്തയും വിവേകവും ഉൾപ്പെടുന്നതാണ്. തത്വശാസ്ത്രത്തിൽ, *ലോഗോസ്* നിർവ്വചിക്കുന്നത് പ്രപഞ്ചത്തിന്റെ വിവേകമുള്ള തത്വമായി ട്ടാണ്. യേശുവിനെ ആകുമ്പോൾ, അതു ദൈവത്തിന്റെ ജ്ഞാനം, വിവേ കം, ചിന്ത എന്നിവയാണ്. യേശു ലോഗോസ് ആണെന്നു പറയുമ്പോൾ അവൻ ജ്ഞാനത്തിന്റേയും വിവേകത്തിന്റേയും മൂർത്തിമത്ഭാവമാണ്.

ലോഗോസ് സൃഷ്ടിയിൽ ജ്ഞാനവും, വിവേകവും മാത്രമല്ല പ്രദർശി പ്പിക്കുന്നത്, പഴയനിയമത്തെ ദൈവശ്വാസിയമാക്കി യഥാർത്ഥ ലേഖകൻ

സൃഷ്ടിക്കു ശേഷവും അവന്റെ പ്രവത്തി തുടർന്നുകൊണ്ടിരിക്കുന്നു. പ്രവാചകന്മാരിൽ ക്രിസ്തുവിന്റെ ആത്മാവുണ്ടായിരുന്നു (1 പത്രൊസ് 1:10, 11). ദാവീദ് ഇങ്ങനെ പറഞ്ഞു ദാവീദിനെ എങ്കിലും ദൈവശ്വാസീയ നാക്കിയതു ക്രിസ്തുവായിരുന്നു:

> യഹോവയുടെ ആത്മാവു എന്നിൽ സംസാരിക്കുന്നു, അവന്റെ വചനം [*ലോഗോസ്*] എന്റെ നാവിന്മേൽ ഇരിക്കുന്നു (2 ശമൂവേൽ 23:2).[13]

സൃഷ്ടിമുതൽ ബേത്ത്ലഹേം വരെ, പ്രപഞ്ചം സൃഷ്ടിച്ച സൃഷ്ടികർത്താവു മാത്രമായിരുന്നില്ല യേശു, യിസ്രായേൽ അനുഗമിച്ച “ആത്മീയ പറ” ആയിരുന്നു, അവൻ മുഖാന്തരം ആയിരുന്നു യിസ്രായേലിന്റെ ദാഹം ശമിച്ചത് (1 കൊരിന്ത്യർ 10:4).

അവസാനമായി, പ്രത്യേകതയുള്ള ഒരു പ്രയോഗത്താൽ, അവനെ വിവരിച്ചു എന്നതു “വരുവാനുള്ള ഒരുവൻ” എന്ന വാക്കിൽ പ്രത്യാശ ഉണർത്തുന്ന ഒരു നാമമായിരുന്നു അത്: (സങ്കീർത്തനങ്ങൾ 118:26; മത്തായി 11:3; 21:9 നോക്കുക).

### ബേത്ത്ലഹേം മുതൽ ഉയിർപ്പ് വരെ

കാലസമ്പൂർണ്ണതയിൽ, വാഗ്ദാനം ചെയ്ത വരുവാനുള്ളവൻ “സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വന്നു” (യോഹന്നാൻ 6:51; ഗലാത്യർ 4:4). മുൻപു സ്വർഗ്ഗത്തിൽ *ലോഗോസ്* ആയിരുന്നുവെങ്കിലും ജഡമായി തീർന്നു മനുഷ്യർക്കിടയിൽ വസിച്ചു (യോഹന്നാൻ 1:14). ദൈവം ഭൗതികമായി പദ്ധതി ഒരുക്കിയതനുസരിച്ചു സ്ത്രീയുടെ സന്തതിയായി, അബ്രഹാമിന്റെ സന്തതിയായി, ദാവീദിന്റെ സന്തതിയുമായി (ഉല്പത്തി 3:15; 22:18; 2 ശമുവേൽ 7:12-14 നോക്കുക). കൂടാതെ, ദൈവ പദ്ധതിയനുസരിച്ചു അവൻ കന്യകയിൽ - ജനിക്കണം,[14] എന്നതു അപ്രധാനമായ ഒന്നല്ല.

പ്രകൃതി ശാസ്ത്ര പണ്ഡിതന്മാരുടെ ചോദ്യമായ അപ്പൻ ഇല്ലാതെ എങ്ങനെ ശിശുവുണ്ടാകും എന്നതിനു മുൻപിൽ ചില വിശ്വാസികൾ ബലഹീനരാകാറുണ്ട് (*പാർത്തെനോജെനസിസ്*). എങ്ങനെയായാലും, രണ്ടു രക്ഷകർത്താക്കൾക്കു ഒരു കുഞ്ഞ് എങ്ങനെ ഉണ്ടാകും എന്ന ചോദ്യത്തിനു മറുപടി പറയുവാൻ, പ്രകൃതി ശാസ്ത്ര പണ്ഡിതനു കഴിയുകയില്ല (സഭാപ്രസംഗി 11:5), ഒരു രക്ഷകർത്താവിൽ നിന്നു ജനിക്കുന്നതിനേക്കാൾ കൂടുതൽ പറവാൻ സാധ്യമല്ല. യേശു രണ്ടു രക്ഷകർത്താക്കൾക്കു ജനിച്ചു, എങ്കിൽ ശേഷിച്ച നമ്മേക്കാൾ അവൻ ശ്രേഷ്ഠൻ ആയ ദൈവം തന്നെ. ഒരാൾ യേശുവിൽ വിശ്വസിക്കുന്നു എന്നു പറയുകയും അവന്റെ കന്യകാ ജനനത്തെ, തള്ളിക്കളയുകയും ചെയ്താൽ അയാൾ യേശുവിനെ വെറും ഒരു മനുഷ്യനായി മാത്രം കാണുന്നു. അവൻ മുഴുവനായും മനുഷ്യൻ മാത്രമാണെങ്കിൽ, അവന്റെ രക്തം മറ്റു മനുഷ്യരുടേതിനു തുല്യമല്ല, അപ്പോൾ അവന്റെ രക്തത്തിനു രക്ഷിപ്പാനുള്ള ശക്തിയില്ല എന്നു വരും, അവൻ പൂർണ്ണമായും മനുഷ്യൻ മാത്രമാണെങ്കിൽ

അവന്നു കല്ലറയിൽ നിന്നു എഴുന്നേറ്റുവരുവാനോ, മറ്റുള്ളവരെ ഉയിർപ്പിക്കുവാനോ കഴിയുകയില്ല. അപ്പോൾ, പിന്നെ, അവന്റെ ദൈവികത്വത്തിനു കന്യകാ ജനനം ഒഴിച്ചു കൂടാനാകാത്തതാണ്. കന്യകാ ജനനം കൂടാതെ ക്രിസ്ത്യാനിത്വം രക്ഷിക്കുന്ന രക്തമില്ലാതെയും ഉയിർത്തെഴുന്നേല്പ് ഇല്ലാതെയും ഇരിക്കും. അപ്പോൾ അതു ഈ ലോക ജീവിതത്തിനു മാത്രമുള്ള സാമൂഹ്യസുവിശേഷമായി ചുരുങ്ങും.

യേശുവിന്റെ ദൈവികത്വം (മാനുഷികമല്ല) ദൈവിക പിതാവിനെ ആശ്രയിച്ചിരിക്കുന്നതുകൊണ്ട്, അവനെ "ദൈവപുത്രൻ" എന്നു വിളിച്ചിരിക്കുന്നതിന്റെ (ലൂക്കൊസ് 1:35) പ്രാധാന്യം പ്രകടമാണ്. മറ്റെന്തിനേക്കാളും കൂടുതലായി – എൺപത്തി – രണ്ടു പ്രാവശ്യം "മനുഷ്യ പുത്രൻ," എന്നു അവൻ സ്വയം തന്നെ വിളിക്കുന്നതിന്റെ പ്രാധാന്യവും യേശു മനസ്സിലാക്കി. അവൻ മനുഷ്യപുത്രൻ ആയിരുന്നതുകൊണ്ടു, ലോകത്തിന്റെ പാപത്തിനു രക്തം ചിന്തുവാൻ കഴിഞ്ഞു (മത്തായി 26:28; എബ്രായർ 2:9; 9:22; 1 യോഹന്നാൻ 2:2). മനുഷ്യപുത്രനായതുകൊണ്ട് അവനു മനുഷ്യരുടെ ബലഹീനതയോടു സഹതാപം കാണിപ്പാൻ കഴിഞ്ഞു (എബ്രായർ 2:17, 18; 4:15). അവൻ ദൈവിക മനുഷ്യപുത്രൻ ആയതുകൊണ്ടു, അവനു മർത്യനായി മരിച്ചു മരണത്തെ കീഴ്പ്പെടുത്തുവാൻ കഴിഞ്ഞു (യോഹന്നാൻ 11:25–27; 14:19; 2 തിമൊഥെയൊസ് 1:10).

ദൈവം ജഡമായിത്തീരുക എന്നതു വലിയ വിലകുറഞ്ഞ ഒരേർപ്പാടാണ് എന്നു ചില ആളുകൾ കരുതുന്നു. ഉദാഹരണമായി, തത്വജ്ഞാനികൾക്ക്, ജഡം തിന്മയായിട്ടാണ് തോന്നുന്നത്. അവരെ സംബന്ധിച്ചു, ദൈവം ജഡമായിത്തീർന്നില്ല, എന്നാൽ വാസ്തവത്തിലുള്ള മനുഷ്യൻ യേശു സ്നാനമേറ്റപ്പോൾ അവനിലേക്കു വരികയും അവനെ ക്രൂശിൽ തറച്ചശേഷം അവനെ വിട്ടു പോകയും ചെയ്തു ഡോസെറ്റിക് തത്വജ്ഞാനികൾ യേശുവിന്റെ മനുഷ്യത്വത്തെ നിഷേധിച്ച്, അവന്റെ ജനനവും മരണവും എല്ലാം വാസ്തവമാക്കാതെ ഒരു കാഴ്ച്ചയാക്കിഅവനെ ഒരു ഫാന്റം ആക്കുകയാണ്.[15] ചില അവിശ്വാസികൾ യേശുവിനെ ഒരു പുരാണകഥയാക്കിമാറ്റുന്നു; അവർ അങ്ങനെ ചെയ്തുകൊണ്ട്, അവർ പറയുന്നതു ജോർജ് വാഷിങ്ടണ്ണിനെയും, ജൂലിയസ് സീസറനേയും, മഹാനായ അലക്സാണ്ടറിനെയും എളുപ്പം ഇതിഹാസമാക്കി മാറ്റാം എന്നാണ്. അതിന്റെ ഫലമായി, അവിശ്വാസികളിൽ അധികവും എ.ഡി. ഒന്നാം നൂറ്റാണ്ടിൽ ശാരീരികമായി വാസ്തവത്തിൽ ജീവിച്ച യേശുവിനെ ചോദ്യം ചെയ്യുന്നില്ല.

എല്ലാ വിവാദങ്ങൾക്കും ഉപരി, ദൈവ ഭക്തിയുടെ മർമ്മം വളരെ വലുതാണ് (1 തിമൊഥെയൊസ് 3:16). ദൈവത്തിനു എങ്ങനെ ജഡമാകാൻ കഴിഞ്ഞു എന്നോ, വീണ്ടും എങ്ങനെ മഹത്വം സ്വീകരിച്ചു എന്നോ വിശദീകരിക്കുവാൻ ഒരു മനുഷ്യമനസ്സിനും സാധ്യമല്ല, പക്ഷെ വസ്തുത വിശ്വസിക്കുവാൻ നിസ്സാരം: "ദൈവം ഒരുവനല്ലൊ, ദൈവത്തിനും മനുഷ്യർക്കും, മദ്ധ്യസ്ഥനും ക്രിസ്തുയേശു എന്ന ഏകൻ" (1 തിമൊഥെയൊസ് 2:5). അവൻ ദൈവത്തിൽ നിന്നു വന്നു, തന്റെ വാസസ്ഥലത്തേക്കു എങ്ങനെ തിരിച്ചുപോയി എന്നതും, അവനു മാത്രം അറിയാം: "ഞാൻ തന്നെ വഴിയും, സത്യവും, ജീവനും ആകുന്നു; ഞാൻ

മുഖാന്തരമല്ലാതെ ആർക്കും പിതാവിന്റെ അടുക്കൽ എത്തുവാൻ സാധ്യമല്ല" (യോഹന്നാൻ 14:6).

### ഉയിർത്തെഴുന്നേല്പു മുതൽ ന്യായവിധിവരെ

തന്റെ ജഡികമരണത്തിനപ്പുറം വീണ്ടും സ്വർഗ്ഗത്തിൽ പിതാവിന്റെ അടുക്കൽ തേജസ്ക്കരിക്കപ്പെടുന്നതു യേശു കണ്ടു (യോഹന്നാൻ 17:5). "തന്റെ മുൻപിൽ വെച്ചസന്തോഷം" ഓർത്തുകൊണ്ടു അവൻ അപമാനം അലക്ഷ്യമാക്കി, ക്രൂശിനെ സഹിച്ചു (എബ്രായർ 12:2). യഥാർത്ഥ മരണത്തെ തെളിയിക്കുവാൻ അവൻ നീണ്ട – മൂന്നു ദിവസം ശക്തനായവന്റെ മരണ വീട്ടിൽ ചെന്നു താമസിച്ചു. പിന്നെ അവൻ പാതാളത്തിന്റെ താക്കോൽ പിടിച്ചു വാങ്ങി, "മരണത്തിന്റ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു" (എബ്രായർ 2:14, 15; വെളിപ്പാട് 1:17 ഉം നോക്കുക). ഈ വിധത്തിൽ അവൻ "ഇപ്പോൾ മരണം നീക്കുകയും സുവിശേഷം കൊണ്ടു ജീവനും അക്ഷയതയും വരുത്തുകയും ചെയ്തു" (2 തിമൊഥെയൊസ് 1:10).

കല്ലറയിൽ നിന്നു ഉയിർത്തെഴുന്നേറ്റതിനാൽ, അവൻ ദൈവപുത്രൻ എന്നു ശക്തിയോടെ പ്രഖ്യാപിച്ചു (റോമർ 1:4). ഞായറാഴ്ച്ച ഉഴിർത്തെഴുന്നേറ്റു (ഏപ്രിൽ 9, എ.ഡി. 30) അവസാനം സങ്കീർത്തനങ്ങൾ 2:7–ൽ ദൈവം സന്തോഷമായി പറഞ്ഞിരുന്നതു നിവർത്തിയായി: "നീ എന്റെ പുത്രൻ, ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു." നിത്യത മുതൽ സൃഷ്ടിവരെയോ, സൃഷ്ടിമുതൽ ബേത്ത്ലഹേം വരെയോ യേശു ക്രിസ്തു ദൈവപുത്രൻ ആയിരുന്നില്ല. ബേത്ത്ലഹേം തുടങ്ങി, പിതാവിന്റെ ആത്മാവിനാലും മറിയയുടെ മകൻ ആയ ദൈവപുത്രനായി (ലൂക്കൊസ് 1:35). എന്നാൽപോലും, സങ്കീർത്തനങ്ങൾ 2:7 ലെ അർത്ഥത്തിൽ അവൻ ദൈവപുത്രൻ ആയില്ല, മുപ്പത്തി – മൂന്നുവർഷം യേശു ഭൗതികമായി കന്യകാ ജനനത്തിലൂടെ, ദൈവം അവനെ ഉയിർപ്പിക്കുകയും ചെയ്തു (പ്രവൃത്തികൾ 13:33). അപ്പോഴാണ് സങ്കീർത്തനങ്ങൾ രണ്ടിൽ "എഴുതപ്പെട്ടിരിക്കുന്നതു പോലെ, 'നീ എന്റെ പുത്രൻ; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു,'" എന്നതു നിറവേറിയത്.

അതെങ്ങനെ സാധ്യമാകും? ഉയിർപ്പിലൂടെ എങ്ങനെ ഒരു ജനനപ്രഖ്യാപനം നിറവേറും? ആക്ഷരികമായി, പ്രവാചകന്റെ വാക്കുകൾ അർത്ഥവത്താകുന്നില്ല. ആലങ്കാരികമയി, അതു മനോഹരവുമത്രെ. ഒരു വീട്ടിൽ ഒരു ശിശുവിന്റെവരവിനെ അറിയിക്കലിനേക്കാൾ സന്തോഷം, ഒരു പിതാവ് എന്ന നിലക്കുണ്ടാവുകയില്ലല്ലൊ, മരണത്തിനു പിന്നെ ഒരിക്കലും അവനിൽ ആധിപത്യം നടത്താൻ കഴിയാതെ, യേശുവിനു മുന്നോടി ആകുവാൻ കഴിഞ്ഞു. പിന്നെ അവനു തന്റെ "മഹത്വത്തിൽ" പ്രവേശിക്കുവാൻ കഴിഞ്ഞു, അതിനാണ് അവൻ പ്രാർത്ഥിച്ചത് (റോമർ 6:9; എബ്രായർ 6:20; ലൂക്കൊസ് 24:26).

ആണിപ്പാടുള്ള ശരീരത്തിൽ നിന്നു മറഞ്ഞുകൊണ്ട്, ഒലിവുമലയിൽ നിന്നു (അവിടെ നിന്നാണ് സ്വർഗ്ഗാരോഹണം ചെയ്തതു). സ്വർഗ്ഗത്തിലേക്കു കയറി, മുപ്പത്തി – മൂന്നു വർഷങ്ങൾക്കു മുൻപു എവിടെയായി

രുന്നുവോ അവൻ അവിടെ ആയിതീർന്നു (1 കൊരിന്ത്യർ 15:50). അവൻ ഒരു നൂറ്റാണ്ടിന്റെ മൂന്നിലൊന്നു മനുഷ്യരൂപത്തിലായിരുന്നെങ്കിലും, പിന്നീടൊരിക്കലും അങ്ങനെ തരം താഴ്ത്തപ്പെടുകയില്ല (2 കൊരിന്ത്യർ 5:16). അങ്ങനെ ഉയിർത്തെഴുന്നേല്പു ദിവസം സങ്കീർത്തനങ്ങൾ 2:7 നിറവേറി.

തിരുവെഴുത്തിനു കൂടുതൽ പറയാനുണ്ട്. സ്വർഗ്ഗാരോഹണം കഴിഞ്ഞ് പത്തു ദിവസങ്ങൾക്കു ശേഷം (മെയ് 18) പെന്തെക്കൊസ്തു നാളിൽ (മെയ് 28), യേശു കർത്താവും ക്രിസ്തുവുമായ അവൻ സഭയുടെ തലയും മൽക്കിസെദേക്കിന്റെ ക്രമപ്രകാരം മഹാപുരോഹിതനുമായി, അവൻ ദാവീദിന്റെ സിംഹാസനത്തിൽ രാജാധിരാജാവും കർത്താധി കർത്താവുമായി കിരീടധാരിയായിത്തീർന്നു. വീണ്ടും, ആ ദിവസം, ദൈവത്തിന്റെ ശബ്ദം സ്വർഗ്ഗത്തിൽ നിന്നുണ്ടായി: "നീ എന്റെ പുത്രൻ; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" (പ്രവൃത്തികൾ 13:13; എബ്രായർ 1:1–5; 5:5, 6; എഫെസ്യർ 1:20–23 നോക്കുക). അവന്റെ ഉയിർത്തെഴുന്നേല്പു ദിവസം പോലെ, അവന്റെ സ്വർഗ്ഗാരോഹണ ദിവസവും ആയി: പുത്രത്വം അക്ഷരികമോ, ഭൗതികമോ ആയിരുന്നില്ല, പക്ഷെ ആലങ്കാരികവും ആഴത്തിൽ അർത്ഥവത്തും ആയിരുന്നു. യേശു ദൈവത്തിന്റെ പുത്രൻ ആകുന്നു എന്ന വലിയ സത്യത്തന്മേലാണ് ലോകത്തിന്റെ ലക്ഷ്യം നിലകൊള്ളുന്നത്.

പെന്തെക്കൊസ്തു നാൾ മുതൽ ലോകാവസാനം വരെ, സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും പുത്രനുനല്കിയിരിക്കുന്നു. ദൂതന്മാർ, വാഴ്ച്ചകൾ, അധികാരങ്ങൾ എല്ലാം അവനു കീഴ്പ്പെട്ടിരിക്കുന്നു (മത്തായി 28:18; 1 പത്രൊസ് 3:22). സ്വർഗ്ഗത്തിലും, ഭൂമിയിലും, ഭൂമിക്കുകീഴെയും സകല നാമത്തിലും മേലായ നാമം അവനു നല്കപ്പെട്ടിരിക്കുന്നു (ഫിലിപ്പിയർ 2:10). പെന്തെക്കൊസ്തുനാൾ മുതൽ ന്യായവിധിനാൾ വരെ, സ്ഥാനവും മാനവും പിതാവു പുത്രനു നല്കിയിരിക്കുകയാണ് "പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനെയും ബഹുമാനിക്കുന്നില്ല" (യോഹന്നാൻ 5:23). "അവനിൽ സർവ്വസമ്പൂർണ്ണതയും വസിക്കുന്നതിനു" പിതാവിനു ഇഷ്ടം തോന്നി (കൊലൊസ്യർ 1:19). യേശു സകലത്തിലും മുമ്പാകണം (കൊലൊസ്യർ 1:18). നല്ല മനസ്സുള്ളവർ, ആത്മാർത്ഥ ഹൃദയത്തോടെ, സ്നേഹത്തോടെ ക്രിസ്തുവിനെ അനുസരിക്കും (2 കൊരിന്ത്യർ 10:5). പിതാവായ ദൈവം അവനെ ജാതികൾക്കു കൊടിയാക്കി, ജാതികൾക്കു പ്രഭുവും അധിപതിയും ആക്കിവെച്ചു (യെശയ്യാവു 11:10; 55:4).

യേശുവിന്റെ പരമോന്നത കർത്തൃത്വകാലയളവിൽ, പാപികൾ ദൈവത്തോടു അടുക്കേണ്ടതു മദ്ധ്യസ്ഥനായ അവൻ മുഖാന്തരമാണ്. ക്രിസ്ത്യാനികൾക്കു അവരുടെ പാപങ്ങൾ, പിതാവു മോചിച്ചു കൊടുക്കുന്നതു അവൻ മുഖാന്തരമാണ് (1 തിമൊഥെയൊസ് 2:5; 1 യോഹന്നാൻ 2:2). തനിക്കുള്ളവർക്കു സ്ഥലം ഒരുക്കുന്ന പ്രതിനിധിയാണ് ഇപ്പോൾ അവൻ (1 യോഹന്നാൻ 14:1–3). അവസാനം, എല്ലാവരും ന്യായവിധി നാൾ അവന്റെ മുമ്പിൽ നില്ക്കും – പിതാവിന്റെ മുൻപിൽ അല്ല, പരിശുദ്ധാത്മാവിന്റെ മുൻപിലും അല്ല ക്രിസ്തുവിന്റെ മുൻപിൽ – ദൈവ

ത്തിന്റെ ആലോചനകൾക്കു ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു (പ്രവൃത്തികൾ 17:30; യോഹന്നാൻ 5:22; 2 കൊരിന്ത്യർ 5:10).

**ന്യായവിധിമുതൽ നിത്യത വരെ**

ന്യായവിധിക്കു ശേഷം, യേശു തന്റെ സർവ്വ - സൈന്യാധിപത്യ - സ്ഥാനം സ്വയമായി പിതാവിന്നു മടക്കി കൊടുക്കും. ദൈവം എല്ലാറ്റിലും എല്ലാം ആകേണ്ടതിനു, പുത്രൻ താനും പെന്തെക്കൊസ്തു മുതൽ ന്യായ വിധിവരെ ഉണ്ടായിരുന്ന എല്ലാ ശക്തിക്കും നീക്കം വരുത്തി എല്ലാവരോടും കൂടെ പിതാവിനു കീഴ്പ്പെട്ടിരിക്കും (1 കൊരിന്ത്യർ 15:24). ഈ അധികാര കൈമാറ്റം, നിത്യത മുഴുവൻ ഒരു പ്രശ്നവുമില്ലാതെ സുഗമമായിരിക്കും (ലൂക്കൊസ് 1:33; എബ്രായർ 1:8) വിശുദ്ധന്മാരും (വെളിപ്പാട് 3:21; 22:3-5). പിതാവായ ദൈവത്തോടുകൂടെ വാഴും "ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവു എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്രഅപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു! ... അവന്നു എന്നേക്കും മഹത്വം ആമേൻ" (റോമർ 11:33, 36).

---

കുറിപ്പുകൾ

[1]"*അബി - ആദ്* എന്ന വാക്കുകൾ (യെശയ്യാവു 9:6; എബ്രായ ഭാഷയിൽ വാക്യം 5). സാധാരണ പറയുന്നതു "നിത്യ പിതാവു" കൃത്യമായും - ഈ സന്ദർഭത്തിൽ പ്രത്യേകിച്ചു കൂടുതൽ കൃത്യമായും "നിത്യതയുടെ പിതാവു" എന്നാണ്. [2]യവഹ് എന്നതിന്റെ ടെട്രാഗ്രാമേഷന്റെ തർജ്ജിമ ശരിയായതല്ല, എന്നാൽ യെശയ്യാവു 44:6 ലേതുപോലുള്ള ഉപയോഗമാണ് അമേരിക്കൻ സ്റ്റാൻഡേർഡ് വെർഷനിൽ ഉള്ളത്: "യിസ്രായേലിന്റെ രാജാവായ യഹോവ, അവന്റെ വീണ്ടെടുപ്പുകാരനായ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, ഞാൻ ആദ്യനും അന്ത്യനും ആകുന്നു, ഞാനല്ലാതെ ഒരു ദൈവവുമില്ല" ഇതേ വ്യക്തിയായാണ് പുതിയ നിയമത്തിൽ യേശുവായിപരിചയപ്പെടുത്തുന്നത് എൻ.എ.എസ്.ബിയിൽ "കർത്താവു" എന്നാണ് (യെശയ്യാവു 40:3 മത്തായി 3:3; യെശയ്യാവു 44:6 വെളിപ്പാട് 1:17; 22:13; യോവേൽ 2:32 പ്രവൃത്തികൾ 2:21 മായി താരതമ്യം ചെയ്യുക). [3]"ആദ്യ - ജാതൻ" എന്ന വാക്ക് ഉയർന്ന ബഹുമാനത്തെ സൂചിപ്പിക്കുന്നതാണ്. ഈ വാക്ക് പഴയനിയമത്തിൽ മോഹിപ്പിക്കുന്ന അഭിമാനമായി കരുതുന്നു. അതു *മുൻഗണനാ* ബഹുമാനാർത്ഥമുള്ളതാണ്. കുടുംബത്തിലെ മറ്റംഗത്തേക്കാൾ ഇരട്ട അവകാശമാണ് ആദ്യ - ജാതനായ മകനു ലഭിക്കുന്നത്. അതു സ്ഥാനത്തെയും സൂചിപ്പിക്കുന്നു, കാരണം സ്വഭാവത്തിൽ ഒരാളുടെ ഉയർന്ന *പദവിയെ* സൂചിപ്പിക്കുന്നു. ഈ രണ്ടുകാരണത്താലുമാണ്: യേശുവിനെ ആദ്യ - ജാതൻ എന്നു വിളിച്ചിരിക്കുന്നത്. നമുക്കായി മരിച്ചവരിൽ നിന്നു അവൻ ആദ്യനായി എഴുന്നേറ്റുകൊണ്ട് അവനെ ആദ്യ - ജാതൻ എന്നു വിളിച്ചിരിക്കുന്നു (കൊലൊസ്യർ 1:18), അവനെ ദൈവം എല്ലാറ്റിലും മീതെ ഉയർത്തിയിരിക്കയാൽ അവനെ ആദ്യ - ജാതൻ എന്നു വിളിച്ചിരിക്കുന്നു (എബ്രായർ 1:6). [4]ബൈബിളിലെ തിരുവെഴുത്തുകളെ ശരിയായിട്ടല്ല ന്യൂ വേൾഡ് ട്രാൻസ്ലേഷൻ കൈകാര്യം ചെയ്യുന്നത്, എന്നാൽ ഒരു മതസംഘടനയുടെ ഉപദേശത്തെപിന്താങ്ങുന്നതാണ് മുൻവിധിയോടെയുള്ള ഒരു തർജ്ജിമ. അതു യോഹന്നാൻ 1:1 നെ വിവരിക്കുന്നതു ഇങ്ങനെയാണ്: "ധആപദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ഒരു ദൈവം ആയിരുന്നു." അതേ പണ്ഡിതന്മാർ എന്നു കരുതുന്നവർ യോഹന്നാൻ 1:6 ഇങ്ങനെ, പറയുവാൻ നിർബ്ബന്ധിതരാകുന്നു: "ഒരു ദൈവം,

ഒരു മനുഷ്യനെ അയച്ചു, അവന്റെ പേരായിരുന്നു യോഹന്നാൻ." ന്യൂവേൾഡ് വെർഷനിൽ യേശുവിനെ ദൈവങ്ങളിൽ ഒരാൾ എന്നു പറയുന്നവർ അനേക ദൈവങ്ങളിൽ ഒരാളായി യേശുവിനെ കാണുന്നു. [5]*ആർക്കെയിൽ* കൊലൊസ്യർ 1:18 "പരമ്പരയായി വരുന്നവൻ ഒരു വ്യക്തി അല്ലെങ്കിൽ വസ്തു, ദ ലീഡർ" (സി. ജി. വിൽക്കെയും വിൽബൾഡ് ഗ്രിമ്മും, *എ ഗ്രീക്ക് ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ്*, ട്രാൻസ് ആന്റ് റെവ.ജോസെഫ്. എച്ച്.തേയർ [എഡിൻ ബറോ, സ്ക്കോട്ട്ലന്റ് ടി ആന്റ് ടി ക്ലാർക്ക്, 1901; റിപ്രിന്റ്.എഡ്.ഗ്ശാന്റ് റാപ്പിഡ്സ്, മൈക്ക് സോണ്ടർവാർ പബ്ലിഷിങ്ങ് ഹൗസ്. 1973], 76-77). അതിനർത്ഥം "ആദിയിൽ" എന്നതു അർത്ഥമാക്കുന്നത് "ഉത്ഭവത്തെ" യാണ് (വാൾട്ടർ രൗസർ, *എ ഗ്രീക്ക് - ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ* 2റ എഡി. റെവ.വില്യം. എഫ് ആറൻട്, എഫ്. വിൽബർ ജിംഗിറിച്ച് ആന്റെ ഫ്രെഡറിക് ഡബ്ലിയു ഡായർ [ഷിക്കാഗോ, ഇല്ലി. യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രെസ്, 1979], കഹഹ). [6]*ആർക്കെയിൽ* വെളിപ്പാട് 3:14 "ഏതൊന്നിനാൽ ഒന്നു ആരംഭിക്കുന്നുവോ, ഉത്ഭവത്തിനും, പ്രവൃത്തിക്കും അതു കാരണമാകുന്നു" (തേയർ, 77); അതിനർത്ഥം "ആദ്യകാരണം (ആൺട്, ജിംറിച്ച്, ആന്റ് ഡെങ്കർ, കഹഹ). ആൺട് ജിംജ്റിച്ച്, ആന്റ് ഡാങ്കർ പറഞ്ഞതു "ആദ്യ സൃഷ്ടി" എന്നതു ഭാഷാപരമായി സാദ്ധ്യമാണ് എന്നത്രെ. ഭാഷാപരമായി, അർത്ഥം "ആദ്യസൃഷ്ടി" സാധ്യമാണ് കാരണം, ആർക്കെയിൽ വെളിപ്പാട് 21:6-ൽ ഉപയോഗിച്ചിരിക്കുന്നതു പിതാവു എന്നാണ്. രണ്ടർത്ഥവും ഭാഷാപരമായി യോജിക്കുന്നു, എന്നാൽ തിരുവെഴുത്തിൻ പ്രകാരവും, യുക്തിസഹജവുമായി, ഒന്നു മാത്രമെ ശരിയാകയുള്ളു: "ആദ്യകാരണം." [7]"ആദിയും അന്തവും" എന്ന വാക്ക് വെളിപ്പാട് 22:13 ലെ ക്രിസ്തുവിനെയും വെളിപ്പാട് 21:6 ലെ പിതാവിനെയും ആണ്. [8]പിതാവും (സങ്കീർത്തനങ്ങൾ 90:1, 2), പുത്രനും (മീഖാ 5:2; എബ്രായർ 13:8), ആത്മാവും നിത്യരാണ് (എബ്രായർ 9:14). [9]യോഹന്നാൻ 1:18; 3:16, 18; 1 യോഹന്നാൻ 4:9 കെജെവിയിലും അമേരിക്കൻ സ്റ്റാൻഡേർഡ് വെർഷനിലും തെറ്റായിട്ടാണ് "ഏക ജാതൻ" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്, കാരണം "ഏകജാതന്" എന്നതിന്റെ ഗ്രീക്കുവാക്ക് ആ വാക്യങ്ങളിൽ കാണുന്നില്ല. പകരം, "ദയ" എന്നതിന്റെഒരു ഗ്രീക്കു രൂപവും "മാത്രം" എന്നതിന്റെ രൂപവും ആണുകാണുന്നത്. അതേ വെർഷനിലെ ലൂക്കൊസ് 7:12; 8:42; 9:38 ("മാത്രം") മർക്കൊസ് 9:29 ("ദയ") എന്നിവയുടെ ഗ്രീക്കു വാക്കുകളാണ് തർജ്ജിമ ചെയ്തിരിക്കുന്നത്. [10]ആർതർ (കൃഷ്മാൻ മെക്ക്ഗിഫെർട്ട്, *എ ഹിസ്റ്ററി ഓഫ് ക്രിസ്റ്റ്യൻ തോട്ട്* ധന്യൂയോർക്ക് ചാൾസ് സ്ക്രിബ് നേഴ്സ് സൺസ്, 1954 പ 1:233).

[11]പ്രത്യേകിച്ച് അവർ യെശയ്യാവു 9.6; യോഹന്നാൻ 3:13; 10:30; 14:9; 2 കൊരന്ത്യർ 5:19; കൊലൊസ്യർ 2:9 എന്നിവ ദുരുപയോഗം ചെയ്തിരിക്കുന്നു. "ഒരു ദൈവത്തിൽ ഒരു വ്യക്തി" എന്ന ആശയം ജി. കെ. വാലെസ്യം റോഡ്വാണ് (*വാലസ് വാൻ ഡിബേറ്റ്*, തർക്കിച്ചിട്ടുണ്ട്. 3റ എഡി. ധഓക്ലഹോമസിറ്റി ടെലഗ്രാം ബുക്ക് കമ്പനി, 1972പ). [12]സെപ്റ്റ്വജിന്റിൽ (ഘതത) സങ്കീർത്തനങ്ങൾ 33:6 പറയുന്നത് *ടു ലോഗോ ടൗ കുറിയോ*, "ബൈ ദ വേഡ് ഓഫ് ദ ലോഡ്" എന്നാണ്. [13]സെപ്റ്റ്വജിന്റിൽ *ലോഗോസ്* എന്നാണ്. [14]യെശയ്യാവു 7:14-ൽ പരിശുദ്ധാത്മാവു "മെയിഡെൻ" എല്ലെങ്കിൽ "കന്യക" എന്നതിനു ഉപയോഗിച്ചത് (എബ്രാ.: *അൽമാ*) എന്നാണ്, ലൈംഗികമായി പക്വത കാണിക്കുന്നതാണ് പൊതുവിലുള്ള ഉപയോഗം. ബി.സി 735-ൽ, പരിശുദ്ധാത്മാവു, പക്വതയുള്ള അറിയപ്പെട്ട പെൺകുട്ടി (പുരുഷനെ അറിയുന്ന) ഒരു മകനെ പ്രസവിച്ചു (അങ്ങനെ വാസ്തവത്തിൽ ആയിട്ടില്ല) ഇമ്മാനുവേൽ എന്നു പേർ വിളിക്കുകയും ചെയ്യും. ബി.സി. 5-ൽ അറിയപ്പെടാത്ത പക്വതയുള്ള ഒരു പെൺകുട്ടി (പുരുഷനെ അറിയാതെ) മകനെ പ്രസവിക്കും അവനു ഇമ്മാനുവേൽ എന്നു പേർ വിളിക്കപ്പെട്ടു. യെശയ്യാവു 7:14-ൽ പരിശുദ്ധാത്മാവു - തിയോഗിച്ചു പറഞ്ഞ ഭാഷ വിശാലമായ അർത്ഥത്തിൽ അത്ഭുതകരം - അല്ലാത്ത ബി.സി എട്ടാം നൂറ്റാണ്ടിലെ ജനനവും, ഏ.ഡി.ഒന്നാം നൂറ്റാണ്ടിലെ അത്ഭുതകരമായ ജനനവും വിവരിക്കുന്നു. (ബി. സി.എട്ടാം നൂറ്റാണ്ടിലെ പക്വതയുള്ള പെൺകുട്ടി "പുരുഷനെ അറിയേണ്ടതു ആവശ്യമായിരുന്നു" കാരണം അന്നു കന്യകാ ജനനം ഇല്ലായിരുന്നു.) [15]മെയ്ജിഫെർട്ട്, 1:52.

## വരുവാനുള്ളവന്റെ ഒരു പ്രതിരൂപം
## (റോമർ 5:12-21; 1 കൊരിന്ത്യർ 15:20-26, 45-49)

### ആദാമിനും ക്രിസ്തുവിനും തമ്മിലുള്ള സാദൃശ്യങ്ങൾ:

| ആദാം ... | ക്രിസ്തു ... |
|---|---|
| അത്ഭുതകരമായി സൃഷ്ടിക്കപ്പെട്ടു (ഉല്. 2:7) | അത്ഭുതകരമായി കന്യകയിൽ (യെശ്. 7:14; മത്ത. 1:23) |
| ജഡികമായ, മനുഷ്യൻ (1 കൊ. 15:45) | ജഡിക മനുഷ്യനും, ആയിരുന്നു (റോമർ 8:3; ഗലാ. 4:4; ഫിലി. 2:7) |
| ദൈവപുത്രൻ എന്നു വിളിക്കപ്പെട്ടു (ഉല്. 1:27; 6:2) | ദൈവപുത്രനും (ലൂക്കൊ. 3:38; യോഹ. 3:16) |
| സൃഷ്ടിച്ചപ്പോൾ പൂർണ്ണതയുള്ളവനായിരുന്നു (നോക്കുക ഉല്. 1:31; യെഹ. 28:15; മത്താ. 19:14) | പൂർണ്ണനും ആയിറ (എബ്രാ. 4:15; 5:9) |

### ആദാമിനും ക്രിസ്തുവിനും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ:

| ആദാം ... | ക്രിസ്തു ... |
|---|---|
| "ആദ്യമനുഷ്യൻ" ആയിരുന്നു (1 കൊ. 15:45, 47) | "രണ്ടാം മനുഷ്യൻ ആയിരുന്നു" (1 കൊ. 15:47) |
| പൂർണ്ണതയുള്ള ലോകത്തിലേക്കു വന്നു (ഉല്. 1:31) | ശപിക്കപ്പെട്ട ലോകത്തിലേക്കു വന്നു (ഉല്. 3:17) |
| പാപി ആയിരുന്നു (റോമർ 5:14) | പാപമില്ലാത്തവൻ ആയിരുന്നു (എബ്രാ. 4:15; 7:26) |
| പാപം കൊണ്ടുവന്നു (റോമർ 5:12) | പാപമോചനം കൊണ്ടുവന്നു (പ്രവൃ. 10:43) |
| ദൈവത്താൽ ശിക്ഷവിധിച്ചു (റോമർ 5:16) | ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടു (മത്താ. 3:17; യോ. 8:29) |
| പാപം അവനിൽ വാണു (റോമർ 5:21) | കൃപ വാണുകൊണ്ടിരുന്നു (റോമർ 5:21) |
| ജീവവൃക്ഷത്തിൽ നിന്നു നമ്മെ വേർപിരിച്ചു (ഉല്. 3:24) | നമ്മെ ജീവവൃക്ഷത്തിലേക്കു കൊണ്ടുവന്നു (വെളി. 22:1, 2) |
| എല്ലാവർക്കും മരണംകൊണ്ടു വന്നു (റോമർ 5:15, 17; 1 കൊ. 15:21, 22, 45) | എല്ലാവർക്കും പുനരുത്ഥാനം നല്കുന്നു (യോ. 10:10; 11:25; 1 കൊ. 15:23-26) |
| ഭൗമികൻ ആയിരുന്നു (1 കൊ. 15:45, 47, 48) | സ്വർഗ്ഗീയൻ ആണ് (1 കൊ. 15:47) |

സ്വർഗ്ഗത്തെ സംബന്ധിച്ചു പാപത്തെ സംബന്ധിച്ചു ക്രിസ്തുവിന്റെ അനുഗ്രഹങ്ങൾ നിബന്ധനകൾ ഉള്ളവയാണ്: "ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ കൃപയുടേയും നീതി ദാന ത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും" (റോമർ 5:17). അവർക്കു അവന്റെ അനുഗ്രഹങ്ങളെ "തള്ളിക്കളയുവാനും" കഴിയും: "എന്റെ വചനം കൈക്കൊള്ളാതെഎന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ട്;ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും" (യോഹന്നാൻ 12:48).

© 2009 Truth for Today